പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1557 **01-07-2026-ൽ മറുപടിയ്ക്ക്**

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. പി. അഷ്റഫലി ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സംസ്ഥാന സർക്കാരിന്റെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (കെ.എ.എസ്.പി.)-യെ കുറിച്ചും പ്രസ്തുത പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള മലപ്പുറം ജില്ലയിലെ ഹോസ്പിറ്റലുകളെ കുറിച്ചും വിശദാംശം നൽകാമോ;

മറുപടി: കേന്ദ്ര സർക്കാരിന്റെ ആയുഷ്മാൻ ഭാരത് - പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജനയും (AB-PMJAY) മുൻപുണ്ടായിരുന്ന ആർ.എസ്.ബി.വൈ (RSBY), ചിസ് (CHIS) തുടങ്ങിയ വിവിധ ആരോഗ്യ ഇൻഷുറൻസ് പദ്ധതികളെ സംയോജിപ്പിച്ച കൊണ്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്ന സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP). കേരളത്തിലെ 42 ലക്ഷത്തിലധികം വരുന്ന നിർധനരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുമായ കുടുംബങ്ങൾക്ക് (സംസ്ഥാന ജനസംഖ്യയുടെ ഏകദേശം 40%) ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. 2011-ലെ കേന്ദ്ര സർക്കാരിന്റെ സാമൂഹിക-സാമ്പത്തിക ജാതി സെൻസസ് (SECC 2011) വിവരശേഖരത്തിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ കുടുംബങ്ങളും, മുൻപ് നിലവിലുണ്ടായിരുന്ന ആർ.എസ്.ബി.വൈ (RSBY), ചിസ് (CHIS) പദ്ധതികളിൽ 2018-19 സാമ്പത്തിക വർഷം വരെ സജീവ അംഗങ്ങളായിരുന്നവരുമാണ് ഈ പദ്ധതിയുടെ ഗുണഭോക്തൃ പരിധിയിൽ വരുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സാമ്പത്തിക പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന ഈ പദ്ധതി, സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിലുള്ള 'സ്റ്റേറ്റ് ഹെൽത്ത് ഏജൻസി' (SHA) വഴിയാണ് നിലവിൽ Trust/Assurance മോഡലിൽ നടപ്പിലാക്കി വരുന്നത്.

ഈ പദ്ധതി പ്രകാരം അർഹരായ ഓരോ കുടുംബത്തിനും പ്രതിവർഷം 5 ലക്ഷം രൂപ വരെയുള്ള സൗജന്യ സെക്കൻഡറി, ടെർഷ്യറി തലങ്ങളിലുള്ള ചികിത്സ ലഭ്യമാണ്. പൂർണ്ണമായും പണരഹിതമായി (Cashless) ചികിത്സ ഉറപ്പാക്കുന്ന ഈ സംവിധാനത്തിൽ പ്രായപരിധിയോ, കുടുംബാംഗങ്ങളുടെ എണ്ണത്തിലോ യാതൊരുവിധ നിയന്ത്രണങ്ങളുമില്ല. കൂടാതെ, പദ്ധതിയിൽ ചേരുന്ന ആദ്യ ദിവസം മുതൽ തന്നെ മുൻകാല രോഗങ്ങൾക്കും (Pre-existing diseases) പരിരക്ഷ ലഭിക്കുന്നതും, ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിന് 3 ദിവസം മുൻപുള്ള പരിശോധനകളും ഡിസ്ചാർജിന് ശേഷമുള്ള 15 ദിവസത്തെ മരുന്നുകളും ഇതിൽ ഉൾപ്പെടുന്നതുമാണ്. കിടത്തിചികിത്സാ സേവനം ലഭ്യമാകുന്ന കേരളത്തിലെ പ്രധാന സർക്കാർ ആശുപത്രികൾ, പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ നിന്നും ഈ പദ്ധതിയുടെ സേവനം ലഭ്യമാണ്. ഇതിന് പുറമെ, ഇന്ത്യയിലുടനീളമുള്ള ഏത് പി.എം.ജെ.എ.വൈ (PM-JAY) അംഗീകൃത

ആശുപത്രികളിലും 'പോർട്ടബിലിറ്റി' സംവിധാനത്തിലൂടെ ഈ പദ്ധതിയിലൂടെയുള്ള ചികിത്സാ ആനുകൂല്യം ലഭ്യമാകും.

പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള മലപ്പുറം ജില്ലയിലെ സർക്കാർ സ്വകാര്യ ആശുപത്രികളുടെ വിവരം **അനുബന്ധമായി** ചേർക്കുന്നു.

(ബി) പ്രസ്തുത ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ നിലവിൽ പുതിയ അംഗങ്ങളെ ചേർക്കാൻ സാധിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

മറുപടി: 2011-ലെ കേന്ദ്ര സർക്കാരിന്റെ സാമൂഹിക-സാമ്പത്തിക ജാതി സെൻസസ് (SECC 2011) വിവരശേഖരത്തിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ കുടുംബങ്ങളും, മുൻപ് നിലവിലുണ്ടായിരുന്ന ആർ.എസ്.ബി.വൈ (RSBY), ചിസ് (CHIS) പദ്ധതികളിൽ 2018-19 സാമ്പത്തിക വർഷം വരെ സജീവ അംഗങ്ങളായിരുന്നവരുമാണ് PM-JAY/KASP പദ്ധതിയുടെ ഗുണഭോക്തൃ പരിധിയിൽ വരുന്നത്. പദ്ധതിയിലേക്ക് പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നത് പൂർണ്ണമായും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയപരമായ തീരുമാനങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായാണ്. ഇതിന്റെ ഭാഗമായി, ഗോത്രവിഭാഗത്തിൽ (Tribal) പെട്ടവർ, ആശാ (ASHA) പ്രവർത്തകർ, അങ്കണവാടി ജീവനക്കാർ എന്നിവരുടെ കുടുംബങ്ങളെ പദ്ധതിയിൽ കൂട്ടിച്ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിലവിൽ പുരോഗമിച്ചുവരികയാണ്.

(സി) നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം പ്രവാസികൾക്കോ മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവർക്കോ ഈ പദ്ധതിയിൽ അംഗങ്ങളാകാൻ സാധിക്കാത്തത് വലിയ പ്രയാസമുണ്ടാക്കുന്നുണ്ട്.അവർക്ക് കൂടി ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്ന രീതിയിൽ ആരോഗ്യ ഇൻഷുറൻസ് പദ്ധതി വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

മറുപടി: ഈ പദ്ധതിയുടെ ഗുണഭോക്തൃ വിഭാഗങ്ങളിൽ ഉൾപ്പെടുന്നവർ, പ്രവാസികളായതു കൊണ്ടോ മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നതു കൊണ്ടോ പദ്ധതിയുടെ ഗുണഭോക്തൃ പരിധിയിൽ നിന്നും പുറത്തുപോയിട്ടില്ല.

പ്രതീക്ഷിക്കാതെ വരുന്ന ചികിത്സാച്ചെലവുകൾ നേരിടുന്നതിനും കനത്ത ബാധ്യതകൾ ലഘൂകരിക്കുന്നതിനും കുടുംബങ്ങൾക്ക് ഒരു കൈത്താങ്ങാകുന്നതിനുമായി എല്ലാ കുടുംബങ്ങൾക്കും 25 ലക്ഷം രൂപ വരെയുള്ള സമഗ്ര പരിരക്ഷ ഉറപ്പാക്കുന്ന സൗജന്യ 'ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതി' സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2026-27 പുതുക്കിയ ബഡ്ജറ്റിൽ ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതിക്ക് 1,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. അതിനോടൊപ്പം ബജറ്റ് പ്രസംഗത്തിൽ ടി പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി 10 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) പ്രവാസികളെയോ മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവരെയോ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കില്ലെങ്കിൽ അവർക്ക് മാത്രമായി പുതിയ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ

Sl No.	Facility name	Facility ID	District	Hospital Type
1	Pg Medical Trust Hospital	HOSP32P92896	Malappuram	Private
2	Rayhan Eye Hospital & Lasik Centre	HOSP32P92897	Malappuram	Private
3	Imrans Eye Hospital	HOSP32P92899	Malappuram	Private
4	Elamkulam Maternity And Child Hospital	HOSP32P92900	Malappuram	Private
5	Ahalia Foundation Eye Hospital	HOSP32P92903	Malappuram	Private
6	Peoples Hospital	HOSP32P92904	Malappuram	Private
7	Emc Hospital	HOSP32P92921	Malappuram	Private
8	Eranad Hospital	HOSP32P92923	Malappuram	Private
9	Ahalia Foundation Eye Hospital, Manjeri	HOSP32P92926	Malappuram	Private
10	Al Rayhan Eye Hospital	HOSP32P92902	Malappuram	Private
11	Itees Eye Hospital	HOSP32P92917	Malappuram	Private
12	Almanara Eye Care Hospital	HOSP32G92901	Malappuram	Private
13	Moonniyoor Nursing Home	HOSP32P92918	Malappuram	Private
14	Iqraa Community Hospital Vazhakkad	HOSP32P93280	Malappuram	Private
15	Ems Memorial Cooperative Hospital And Research Perinthalmanna	HOSP32P92206	Malappuram	Private
16	Avm Hospital	HOSP32P92177	Malappuram	Private
17	Heart Malabar Clinical Solutions	HOSP32P86244	Malappuram	Private
18	Ernad Hospital	HOSP32P99398	Malappuram	Private
19	Nizar Cardiac Centre	HOSP32P101043	Malappuram	Private
20	Neo Hospitals Pvt Ltd	HOSP32P100994	Malappuram	Private
21	Rajagiri Hospital	HOSP32P93301	Malappuram	Private
22	Nu Vision Eye Care	HOSP32P102273	Malappuram	Private
23	Ahalia Foundation Eye Hospital	HOSP32P102373	Malappuram	Private
24	Tree G Eye Care Hospital	HOSP32P106636	Malappuram	Private
25	Maanu Memorial Hospital	HOSP32P60013	Malappuram	Private
26	Almas Hospital	HOSP32P93435	Malappuram	Private

27	Darushifahospital	HOSP32P114947	Malappuram	Private
28	Arafa Hospital Pvt Lpd	HOSP32P115765	Malappuram	Private
29	Bava Memorial Hospital	HOSP32P118763	Malappuram	Private
30	Holy Cross Hospital Pvt Ltd Prasanthi Hospital	HOSP32P119095	Malappuram	Private
31	Relief Hospital And Trauma Centre	HOSP32P119368	Malappuram	Private
32	Malabar Hospital Pvt Ltd	HOSP32P119307	Malappuram	Private
33	Shihab Thangal Charitable Dialysis Research And Rehabilitation Centrekondotty	HOSP32P119730	Malappuram	Private
34	Life Care Hospital	HOSP32P120858	Malappuram	Private
35	Mbh Hospital Llp	HOSP32P122142	Malappuram	Private
36	Yenkay Nizar Hospital Private Limited	HOSP32P90898	Malappuram	Private
37	Trust Medical Centre	HOSP32P122311	Malappuram	Private
38	Js Mission Hospital	HOSP32P121278	Malappuram	Private
39	Dr Sabeenas Eyespace	HOSP32P122599	Malappuram	Private
40	Melepurakkal Hospital	HOSP32P122433	Malappuram	Private
41	The Eye Foundation Malappuram	HOSP32P123056	Malappuram	Private
42	Alabeer Hospitals Pvt Ltd	HOSP32P123328	Malappuram	Private
43	Unity Mission Hospital	HOSP32P124055	Malappuram	Private
44	Nahas Hospital	HOSP32P123971	Malappuram	Private
45	98 Farenheit Cardiac Centre Llp	HOSP32P124932	Malappuram	Private
46	Korambayil Hospital & Diagnostic Centre Pvt Ltd	HOSP32P125260	Malappuram	Private
47	Absolute Bone Care Orthopedic Hospital Llp	HOSP32P123773	Malappuram	Private

48	Doctor Girijas Hospital	HOSP32P126805	Malappuram	Private
49	Sacred Heart Hospital	HOSP32P126802	Malappuram	Private
50	Pmsa Memorial Malappuram District Co Operative Society	HOSP32P126720	Malappuram	Private
51	M K Haji Orphanage Hospital	HOSP32P126797	Malappuram	Private
52	Nadakkavil Hospital	HOSP32P127644	Malappuram	Private
53	Al Eyen Care Hospital	HOSP32P126583	Malappuram	Private
54	Vmc Hospital	HOSP32P124075	Malappuram	Private
55	Metro Malabar Cardiac Centre Llp	HOSP32P129824	Malappuram	Private
56	Trinity Eye Hospital	HOSP32P131084	Malappuram	Private
57	Noor Institute Of Medical Specilities Private Limited	HOSP32P131347	Malappuram	Private
58	Mar Thoma Mission Hospital	HOSP32P92138	Malappuram	Private
59	Supriya Hospital	HOSP32P127747	Malappuram	Private
60	Aksaa Eye Care Hospital Pvt Ltd	HOSP32P93928	Malappuram	Private
61	Hima Dialysis Centre	HOSP32P136208	Malappuram	Private
62	Dr Bk S Institute Of Cardiac Care And Research	HOSP32P136681	Malappuram	Private
63	Rayhan Eye Hospital	HOSP32P135623	Malappuram	Private
64	Karuna Cancer Hospital & Dialysis Centre	HOSP32P125305	Malappuram	Private
65	Ch Centre Shihab Thangal Dialysis Centre Malappuram	HOSP32P140903	Malappuram	Private
66	Smart Dialysis Centre	HOSP32P142505	Malappuram	Private
67	Ernad Dialysis Center	HOSP32P144473	Malappuram	Private
68	Abhayam Dialysis Centre	HOSP32P144737	Malappuram	Private

69	Shihab Thangal Hospital Run By Tirur Co Operative Hospital & Research Centre Limited	HOSP32P148076	Malappuram	Private
70	Tanalur Dialysis Centre	HOSP32P151313	Malappuram	Private
71	Dms Hospital Llp	HOSP32P143779	Malappuram	Private
72	Orchid Institute Of Healthcare Research Pvt Ltd	HOSP32P25242496	Malappuram	Private
73	Aloha Health Care	HOSP32P25129927	Malappuram	Private
74	Imbichibava Memorial Hospital	HOSP32P26297581	Malappuram	Private